# ഗ്രാമത്തിന്റെ ഹൃദയം

ആർ. രാമൻനായർ

ഇന്ത്യയിലെ എൺപതുശതമാനം ജനങ്ങളും ഗ്രാമങ്ങളിലാണ് വസിക്കുന്നത്. ഗ്രാമം നശിക്കുകയാണെങ്കിൽ ഭാരതം നശിക്കും. നാടിന്റെ നട്ടെല്ലായ ഗ്രാമീണനെ അവഗണിച്ചുകൊണ്ടുള്ള യാതൊരു പ്രവർത്തനവും ബുദ്ധിപരമായും ധാർമ്മികമായും ന്യായീകരിക്കത്തക്കതല്ല.

നമ്മുടെ പഞ്ചവത്സരപദ്ധതികളിൽ ഗ്രാമവികസനത്തിനും കാർഷികവികസനത്തിനുമാണ് പ്രാധാന്യം നൽകിയിരുന്നത്. പക്ഷേ ആസൂത്രണത്തിലെയും പ്രവർത്തന പരിപാടികളിലെയും തകരാറുകളും ജനങ്ങളുടെ സഹകരണക്കുറവും കാരണം അവയൊന്നുംതന്നെ വിജയിച്ചില്ല.

ഗ്രാമീണർക്കു വേണ്ടിയുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങൾ സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കപ്പുറത്ത് നമ്മൾ കണ്ടില്ല എന്നതാണ് നമുക്ക് പററിയ പാളിച്ച. ഈ സ്ഥാപനങ്ങൾക്ക് ഗ്രാമീണരുടെ വിദ്യാഭ്യാസത്തിൽ കാര്യമായിട്ടൊന്നും ചെയ്യാനാവില്ല. ഇന്ത്യൻ ഗ്രാമങ്ങളുടെ പ്രത്യേക സാഹചര്യത്തിൽ ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പമോ അതിലുമധികമോ പ്രാധാന്യം നമ്മൾ അനൗപചാരിക വിദ്യാഭ്യാസത്തിന്—സ്വയം പഠനത്തിനുള്ള സ്ഥാപനങ്ങളായ പൊതു ഗ്രന്ഥാലയങ്ങൾക്ക് നൽകേണ്ടിയിരുന്നു. അതു ചെയ്യാത്തതുകൊണ്ട്, ഗ്രാമീണന് ശബ്ദവും ശക്തിയും നൽകേണ്ടിയിരുന്ന വിദ്യാഭ്യാസം അവർക്ക് നൽകുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര ഫലവത്തായില്ല.

കൃഷിയെ അടിസ്ഥാനഘടകമാക്കുന്ന സമ്പദ്‌വ്യവസ്ഥയുള്ള ഒരു രാജ്യത്ത്, അവിടത്തെ കർഷകരെ അറിവുള്ളവരും മാററങ്ങളോടൊപ്പം പൊരുത്തപ്പെടാനാവുന്നവരും ആക്കിത്തീർക്കേണ്ടത് നാടിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. അതിന് പുസ്തകങ്ങളുടെ ലഭ്യത—ഗ്രന്ഥശാലാസൗകര്യങ്ങൾ, ഗ്രാമങ്ങൾതോറും ഉണ്ടാവണം. ഗ്രാമീണരുടെ യഥാർത്ഥ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗ്രാമീണഗ്രന്ഥശാലകൾതന്നെയാണ്. വ്യവസായവൽകൃത രാഷ്ട്രമായ ഇംഗ്ലണ്ടിൽ ആകെ ജനതയുടെ വെറും ഇരുപതുശതമാനം മാത്രമാണ് ഗ്രാമങ്ങളിൽ വസിക്കുന്നത്. എന്നിട്ടും ഗ്രാമങ്ങളിൽ ഗ്രന്ഥാലയസേവനങ്ങൾ ലഭ്യമാക്കി ഗ്രാമീണർക്ക് സ്വയം പഠനത്തിനും, മാററങ്ങൾക്കൊപ്പമെത്താനും സൗകര്യങ്ങൾ നൽകിയില്ലെങ്കിൽ രാഷ്ട്രത്തിന്റെ ഭാവി അപകടത്തിലാവും.

എന്ന് അവർ മനസ്സിലാക്കി. 1916—ൽത്തന്നെ ഗ്രാമീണഗ്രന്ഥാലയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നിയമനിർമ്മാണം അവിടെ നടന്നു. ജനസംഖ്യയുടെ എൺപതുശതമാനത്തിലധികവും ഗ്രാമങ്ങളിൽ വസിക്കുന്ന നമ്മുടെ നാട്ട് എത്രയധികം പ്രാധാന്യമാണ് ഈ പ്രശ്നത്തിന് നൽകേണ്ടിയിരുന്നത് എന്ന കാര്യം ഊഹിക്കാവുന്നതേ ഉള്ളൂ. പക്ഷേ ഇവിടെയോ, ഗ്രാമങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സമ്പത്ത് —ഗ്രാമത്തിന്റെ രക്തം വലിച്ചെടുത്തു കുടിക്കുന്ന നഗരങ്ങൾ ഗ്രാമീണരുടെ ആവശ്യങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളും പരിഷ്ക്കാരങ്ങളും ഇന്നും നഗരങ്ങളെയും നഗരവാസികളുടെ ആവശ്യങ്ങളെയും തൃപ്തിപ്പെടുത്തുന്നവ മാത്രമാണ്.

ഗ്രാമീണർ നഗരങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. ഈ കുടിയേററം, നമ്മുടെ ഭക്ഷ്യോല്പാദനത്തെ, നമ്മുടെ ദേശീയ പുരോഗതിയെ സാരമായി ബാധിക്കുന്ന സാമൂഹ്യപ്രശ്നമാണ്. അതു് പരിഹരിക്കാനുള്ള ഒരൊററ മാർഗ്ഗം നഗരങ്ങളിലെപ്പോലെ ഗ്രാമങ്ങളിലും ഈ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക മാത്രമാണ്.

ഗ്രാമീണരുടെ വിദ്യാഭ്യാസത്തിൽ സ്കൂളുകൾക്കും ഔപചാരിക വിദ്യാഭ്യാസം നൽകുന്ന മററു സ്ഥാപനങ്ങൾക്കും ഉള്ളതിനേക്കാൾ പ്രധാനമായ മഹത്തായ പങ്ക് ഗ്രന്ഥാലയങ്ങൾക്കാണെന്നകാര്യം ലോകമെമ്പാടും അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. യുനെസ്കോയുടെ ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച വിളംബരം അതു വ്യക്തമാക്കുന്നുമുണ്ട്. ഗ്രാമീണരുടെ വിദ്യാഭ്യാസത്തിൽ ഗ്രന്ഥാലയങ്ങൾ മററു സ്ഥാപനങ്ങളെക്കാളും പ്രധാനവും ശ്രേഷ്ഠമാകുന്നതു് പല കാരണങ്ങളാലാണ്.

നിരക്ഷരരായ ഗ്രാമീണരെ എഴുത്തും വായനയും പഠിപ്പിക്കുന്ന സാക്ഷരതാ പ്രവർത്തനങ്ങൾക്ക് അവിടത്തെ സ്കൂളോ കോളേജോ അതിനുവേണ്ടി തുടങ്ങുന്ന മററു സ്ഥാപനങ്ങളോ ഒക്കെ ഉപയോഗപ്പെടുത്താം. ഗ്രാമീണ ഗ്രന്ഥശാലയാണ് അതിന് ഏററവും പററിയ സ്ഥലം. ഗ്രാമീണരെ എഴുത്തും വായനയും പഠിപ്പിച്ചതു് കൊണ്ടുമാത്രം കാര്യമൊന്നുമില്ല. സാക്ഷരത പ്രയോജനപ്രദമാകണം എങ്കിൽ ജീവിതത്തിൽ അതിന് പ്രസക്തി വേണം.

ഗ്രാമീണ സ്ത്രീകളിൽ ഭൂരിഭാഗവും ഗൃഹത്തിന് പുറത്ത് ഒരിക്കലും പോകാത്തവരായിരിക്കും. പുറം ലോകത്തെക്കുറിച്ച് അവർ അജ്ഞരാണ്. ഈ ഗ്രാമീണസ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുവാനും അവർക്ക് വേണ്ട അറിവ് പുസ്തകങ്ങളിലൂടെ എത്തിച്ചുകൊടുക്കുവാനും കഴിയുന്ന ഏകസ്ഥാപനം ഗ്രാമീണഗ്രന്ഥാലയമാണ്.

നമ്മുടെ ഭരണഘടനയുടെ ആദർശങ്ങൾ, അതിൽ പരാമർശിച്ചിട്ടുള്ള മഹത്തായ മാനുഷികമൂല്യങ്ങൾ, ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സ്വഭാവം, പഞ്ചവൽസരപദ്ധതികൾ ഇവയെക്കുറിച്ചെല്ലാം വ്യക്തവും സുദൃഢവുമായ അറിവ് ഗ്രാമീണരിലുണ്ടാകണം. ഗ്രാമത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും സാംസ്കാരിക പ്രവർത്തനങ്ങളുടെയും കേന്ദ്രമായിരിക്കണം അവിടത്തെ ഗ്രന്ഥശാല. ഗ്രാമത്തിന്റെ സാംസ്കാരിക ഹൃദയമായ അത്തരമൊരു ഗ്രന്ഥശാല ഗ്രാമീണന് വിജ്ഞാനത്തിനും വിനോദത്തിനും വേണ്ടി എപ്പോഴുമെത്താനാവുന്ന അറിവിന്റെയും ആശ്വാസത്തിന്റെയും ഒരിക്കലും വററാത്ത ഉറവയായിരിക്കണം.

അങ്ങനെ ഗ്രാമത്തിന്റെ ഹൃദയമായ, ഗ്രാമമാകുന്ന ശരീരത്തിന്റെ ജീവരക്തം ഒഴുക്കേണ്ടുന്ന ഗ്രന്ഥാലയങ്ങൾ ഒഴിച്ചുകൂടാനാവാത്ത സ്ഥാപനങ്ങളാണ്. കേരളത്തിലെ ഗ്രന്ഥാലയശാസ്ത്രജ്ഞന്മാരുടെയും, കേരള ഗ്രന്ഥശാലാസംഘത്തിന്റെയും സേവനമുപയോഗപ്പെടുത്തി ഒരു നല്ല ഗ്രാമീണ ഗ്രന്ഥശാലാസംവിധാനം ഏർപ്പെടുത്താനുള്ള നിയമം നടപ്പിൽ വരുത്തുന്നതിന് ഇനിയും അമാന്തിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. മനുസ്മൃതിയിൽ പറയുംപോലെ, അജ്ഞതയാകുന്ന അന്ധകാരത്തിൽ മുഴുകിക്കിടക്കുന്നവർക്ക് അറിവിന്റെ ദീപം തെളിച്ചു് കൊടുക്കുന്നതിലും മഹത്തായ എന്തു പ്രവർത്തനമാണ് നമുക്ക് ചെയ്യാനുള്ളത്. ഈ ഭൂമി മുഴുവൻ ദാനംചെയ്യുന്നതുകൂടി അതിനു സമമാവില്ല.